എമ്മാവൂസ്
# വചനദൂത്
Vol.34 / Issue - 50 / 18 June 2017

ശ്ലീഹാക്കാലം മൂന്നാം ഞായർ ലൂക്കാ 10:25–57




ഡീ. മനു ആനത്താനം

ഓർമ്മയിൽ ഒരേടുപോലെ സൂക്ഷിക്കുന്ന, നമ്മൾ ഒരുപാട് കേട്ടിട്ടുള്ള രണ്ട് സംഭവങ്ങളുണ്ട്.

അതിലൊന്ന് വിശുദ്ധ മദർ തെരേസായുടേതാണ്. ഒരിക്കൽ കൽക്കട്ടായിലെ ധനിക കുടുംബത്തിലേക്ക് തന്റെ മക്കളുടെ വിശപ്പകറ്റുന്നതിനുവേണ്ടി യാചനയുമായി മദർ ചെന്നു. സഹായത്തിനായി നീട്ടിയ കരങ്ങളുടെ മേൽ ഗൃഹനാഥൻ നീട്ടിത്തുപ്പി. മദറിന്റെ മറുപടി ഇപ്രകാരമായിരുന്നു. “എനിക്കുള്ളത് കിട്ടി, ഇനിയെന്റെ മക്കൾക്കെന്തെങ്കിലും.” അടുത്തത് വി. ഫ്രാൻസിസ് അസ്സീസിയുടേതാണ്. വിശന്ന് വലഞ്ഞ് തന്റെ ആശ്രമത്തിൽ വന്ന് സഹായത്തിനായി നീട്ടിയ ഒരു സ്ത്രീയുടെ കരങ്ങളിൽ ദാരിദ്ര്യത്തെ മണവാട്ടിയാക്കിയവന് നൽകുവാൻ ഒന്നുമുണ്ടായിരുന്നില്ല. ഒടുവിൽ തന്റെ കയ്യിലുണ്ടായിരുന്ന വിശുദ്ധ ഗ്രന്ഥം നൽകിക്കൊണ്ട് ഇപ്രകാരം പറഞ്ഞു. ഇതു വിറ്റു കിട്ടുന്ന പണം കൊണ്ട് നിന്റെയും മക്കളുടെയും വിശപ്പകറ്റുക.

ദൈവസ്നേഹത്തിലെരിയുന്നവന് അപരനിലേക്ക് പടരാതിരിക്കാനാവില്ല. ദൈവസ്നേഹം പരസ്നേഹത്തിന്റെ വാതിലും തുറന്ന് കവിഞ്ഞ് ഒഴുകുകയാണ്.

നിയമാവർത്തനം 6:5, “നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണമനസ്സോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കുക.” ലേവ്യർ 19:18; “നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക.” പഴയനിയമത്തിലെ ഈ തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് നിയമത്തിൽ എന്തെഴുതിയിരിക്കുന്നു, എന്തുവായിക്കുന്നു എന്ന ക്രിസ്തുവിന്റെ ചോദ്യത്തിന് നിയമജ്ഞൻ ഉത്തരം പറയുക. ഒരു നാണയത്തിന്റെ അപ്പുറവും ഇപ്പുറവും പോലെ നീ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നിനക്കെങ്ങനെ അയൽക്കാരനെ സ്നേഹിക്കാതിരിക്കാനാകും? ഇവിടെ നിയമജ്ഞൻ ഒരു മറുചോദ്യം ചോദിക്കുന്നു. ആരാണ് എന്റെ അയൽക്കാരൻ?

അടുത്ത് നിൽക്കുന്നവനല്ല അയൽക്കാരൻ. സ്വജാതിയിൽപ്പെട്ട പുരോഹിതനും ലേവായനും മുറിവേറ്റു കിടന്നവന്റെ തേങ്ങലുകൾക്ക് കാതുകൊടുക്കാതെ അകലങ്ങൾ തിരയുന്നു. അരികുപറ്റി ചേർന്നു നിൽക്കുമ്പോഴും ഹൃദയങ്ങളൊട്ടി നിൽക്കുന്നില്ലെങ്കിൽ നല്ല സമറിയാക്കാരനിലേക്ക് നമുക്കിനിയും ഒരുപാട് ദൂരം യാത്രയുണ്ട്. ആവശ്യക്കാരനാണ് എന്റെ അയൽക്കാരൻ

നിത്യരക്ഷ പ്രാപിക്കാൻ എന്തു ചെയ്യണമെന്ന് അന്വേഷിച്ചവനോട് ഈശോ അവന്റെ കുറവാണ്

ചൂണ്ടിക്കാണിച്ചത്. നിന്റെ സമ്പത്ത് നിന്റെ കുറവാണ് അത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപരന്റെ ആവശ്യങ്ങൾക്കു നേരെ നാം മറുതലിക്കുമ്പോൾ നമ്മുടെ നേരെ ക്രിസ്തുവിന്റെ വിരലനങ്ങുന്നുണ്ട്. അപരന്റെ ആവശ്യങ്ങൾക്കു നേരെ സ്വയം കൊട്ടിയടയ്ക്കപ്പെടുവാൻ എന്തിനാൽ നാം പ്രേരിതരാകുന്നുവോ അതാണ് നമ്മുടെ കുറവ്. എന്താണ് നമ്മുടെ കുറവ്? മണ്ണോ, പണമോ, കഴിവോ? ഇനിയെങ്കിലും അയൽക്കാരനിൽ നിന്നും നമുക്ക് അകലാതിരിക്കാം. ഈയൊരു ചിന്തയിൽ നിന്നാണ് മത്തായി 25-ൽ അന്ത്യവിധിയെക്കുറിച്ച് പറയുമ്പോൾ "എന്റെ സഹോദരന്മാർക്ക് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോഴെല്ലാം എനിക്കു തന്നെയാണ് ചെയ്തതെന്ന്" ഈശോ പറയുന്നത്. അതെ, സഹോദരനു ചെയ്തു കൊടുക്കുന്നതെല്ലാം ദൈവത്തിങ്കലേക്കാണ് ചെന്നെത്തുന്നത്. ആവശ്യക്കാരനാണ് എന്റെ അയൽക്കാരൻ. ദൈവസ്നേഹത്തിലേക്കുള്ള ഒരു വാതിലാണവൻ.

നല്ല സമറിയാക്കാരന്റെ ഉപമ നമുക്കൊരു സദ്വാർത്തയാണ്. ജീവിതത്തിൽ ആശയറ്റു വീഴുമ്പോഴും പ്രത്യാശിക്കുവാൻ ഇനിയും നമുക്ക് വകയുണ്ട് എന്നത് അടിവരയിട്ട് അടയാളപ്പെടുത്തുന്നുണ്ട് നല്ല സമരിയാക്കാരന്റെ ഈ ഉപമ. മുറിവേറ്റവനെ തിരഞ്ഞുവരുവാൻ അവന്റെ രക്തമൊലിക്കുന്ന മുറിവുകളിൽ എണ്ണ പുരട്ടുവാൻ ഒരുവൻ ദൈവത്താൽ നിയോഗിതനായി കഴുതപ്പുറത്തേറി വരുന്നുണ്ട്. അവനു 'നല്ല സമറായൻ' എന്ന വിളിപ്പേര്. നാമൊന്നു മാത്രമേ ചെയ്യേണ്ടൂ - കാത്തിരിക്കാൻ സന്നദ്ധരാകുക.

ബൈബിളിൽ പ്രത്യാശയുടെ പ്രകാശത്തിലേക്ക് വഴിതെളിക്കുന്ന ഒരുപാട് കാത്തിരിപ്പുകൾ നീണ്ട നിര പോലെയുണ്ട്. മക്കളില്ലാതെ വ്യസനത്തിലൂന്നിയ അബ്രാഹത്തിന്റെയും സാറയുടെയും അരികിലേക്ക് സന്താന വാഗ്ദാനവുമായി ദൈവദൂതന്മാർ വരുന്നു. ഓക്കുമരത്തിന്റെ കീഴെ വിരുന്നിനു ശേഷം അവരെ ദൈവദൂതൻ അനുഗ്രഹിക്കുന്നു.

ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് കാനാനിലെ സമൃദ്ധിയിലേക്ക് ഇസ്രായേലിന് പ്രത്യാശയായി മുൾപ്പടർപ്പിലെ ദൈവദർശനത്തിന്റെ കരുത്തിൽ മോശ കടന്നുവരുന്നു. ബെത്സെയ്ദായിലെ കുളക്കരയിൽ സൗഖ്യമന്വേഷിക്കുന്ന തളർവാതരോഗിയുടെ കാത്തിരിപ്പിലേക്ക് പ്രത്യാശയായി ക്രിസ്തു നടന്നു വരുന്നു.

അതെ, ജീവിതത്തിലെ നൊമ്പരങ്ങളിലും തകർച്ചകളിലും കണ്ണുനീർ വാർക്കുമ്പോഴും സ്വയം പഴിച്ച് പരിതപിക്കുമ്പോഴും കാത്തിരിക്കാൻ പ്രാർത്ഥനാപൂർവ്വം തയ്യാറാകുക. കാനായിൽ സംഭവിച്ചതുപോലെ ദൈവത്തിന്റെ സമയവും നമ്മുടെ സമയവും ഒന്നിച്ചു ചേരുമ്പോൾ അവിടെ അത്ഭുതങ്ങൾ സംഭവിക്കും. വീണ്ടെടുക്കാനാവാത്ത വിധം ഒന്നും നഷ്ടപ്പെട്ടിട്ടില്ല. ഒന്നും അന്യമായിട്ടുമില്ല. ജീവിതത്തിൽ പ്രത്യാശിക്കുവാൻ ഇനിയും സമയമുണ്ട്. വെള്ളം വീഞ്ഞാകുവാൻ ദൈവത്തിന്റെ ഒരു ആശീർവാദം മാത്രം മതി.

നമ്മുടെ ജീവിതത്തിന്റെ നീളം കൂട്ടാൻ നമുക്ക് കഴിയില്ല. എന്നാൽ ജീവിതത്തിന് ആഴം കൂട്ടണമോയെന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്. ആകയാൽ നമ്മെ ആവശ്യമുള്ളവരിൽ നിന്ന് നമുക്ക് ഒഴിഞ്ഞ് മാറാതിരിക്കാം. ജീവിതം സ്വാർത്ഥതയുടെ മേഖലകളിൽ മാത്രം മുഴുകാതെ അയൽക്കാരിലേക്കും പടർത്താം. ജീവിതത്തിലെ നൊമ്പരങ്ങളിലും തകർച്ചകളിലും ദൈവീക ഇടപെടലിനായി പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. ◆

